"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - നെയ്യാറ്റിൻകര താലൂക്കിലെ കാരോട് ഗ്രാമപഞ്ചായത്തിലെ വെൺകുളം പുനഃരുദ്ധാരണ പ്രവർത്തനങ്ങളിലെ പാർശ്വഭിത്തി തകർന്നു വീണതുമായി ബന്ധപ്പെട്ട വിഷയത്തിലെ സാങ്കേതികവും ഭരണപരവുമായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി - ശ്രീമതി. ജയശ്രീ.എസ് സമർപ്പിച്ച പുനഃപരിശോധന ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.818/2025/AGRI തീയതി,തിരുവനന്തപുരം, 13-08-2025

---

പരാമർശം:-
1. 22.03.2025 തീയതിയിലെ സ.ഉ.(സാധാ) നം. 276/2025/കൃഷി
2. 25.04.2025-ൽ ശ്രീമതി ജയശ്രീ.എസ് സമർപ്പിച്ച പുനഃപരിശോധന ഹർജി.
3. 03/07/2025 ലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/7088/2021-SVC(2)/2 നമ്പർ കത്ത്.

**ഉത്തരവ്**

നെയ്യാറ്റിൻകര താലൂക്കിലെ കാരോട് ഗ്രാമപഞ്ചായത്തിലെ വെൺകുളം പുനഃരുദ്ധാരണ പ്രവർത്തനങ്ങളിലെ പാർശ്വഭിത്തി തകർന്നു വീണതുമായി ബന്ധപ്പെട്ട വിഷയത്തിലെ സാങ്കേതികവും ഭരണപരവുമായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതയായ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ദക്ഷിണമേഖലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി വിരമിച്ച ശ്രീമതി എസ്.ജയശ്രീക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും നടപടി ക്രമങ്ങൾ പാലിച്ച് KSR Part III ചട്ടം -3-ലെ

വ്യവസ്ഥകൾ പ്രകാരം, പ്രതിമാസം 500/- രൂപ വീതം 1 വർഷത്തേക്ക് ടിയാളുടെ പെൻഷൻ തുകയിൽ നിന്നും കുറവു ചെയ്യാവുന്നതുമാണെന്ന താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം ശ്രീമതി എസ്.ജയശ്രീ സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിൽ, സ്റ്റേറ്റ് എൻജിനീയറുടെ നിർദ്ദേശ പ്രകാരം കാരോട് വെൺകളം സൈറ്റ് പരിശോധിച്ച് സാങ്കേതിക അനുമതിയ്ക്കായി ശുപാർശ ചെയ്തതു മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും, കോൺക്രീറ്റ് ഭിത്തിയിലെ ഡിസൈനിംഗിലെ അപാകത മൂലമല്ല ഭിത്തിയുടെ താഴെ നിന്നും അശാസ്ത്രീയമായി മണ്ണ് നീക്കം ചെയ്തതിനാലാണ് ഭിത്തി ഇടിഞ്ഞുവീണതെന്നും, തനിക്കെതിരെ സാമ്പത്തിക ക്രമക്കേടുകളൊന്നും ആരോപിക്കപ്പെട്ടിട്ടില്ലായെന്നും, ഔപചാരിക അന്വേഷണ റിപ്പോർട്ടിലും തനിക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചിട്ടില്ലായെന്നും ആയതിനാൽ പരാമർശം(1) ഉത്തരവ് റദ്ദാക്കി തന്നെ കുറ്റ വിമുക്തയാക്കിക്കൊണ്ടും സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിച്ചും പെൻഷനിൽ നിന്നും 500/- രൂപ കുറവു ചെയ്യുവാനുള്ള നടപടികൾ തടഞ്ഞുകൊണ്ടും ഉത്തരവാകണമെന്ന് ശ്രീമതി. ജയശ്രീ.എസ് പരാമർശ പുനഃപരിശോധനാ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

3. ആയതിന്മേൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണ റിപ്പോർട്ട്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എന്നിവ പരിശോധിച്ചതിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ടിയാൾക്കെതിരെ ആരോപണങ്ങൾ ഇല്ലായെങ്കിലും, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ എന്ന സാങ്കേതിക വിദഗ്ദന്റെ സേവനം കൂടി ലഭ്യമാക്കിയാണ് സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ സംയുക്ത അന്വേഷണത്തിൽ സാങ്കേതിക അനുമതി നൽകപ്പെട്ട എസ്റ്റിമേറ്റ് പ്രകാരം കുളത്തിന്റെ പാർശ്വഭിത്തി സിമൻ്റ് കോൺക്രീറ്റ് ആകേണ്ടതാണെന്നും എന്നാൽ പാർശ്വഭിത്തിയുടെ പരിച്ഛേദം സുരക്ഷിതമായ ഡിസൈനിംഗ് പ്രകാരം ആയിരുന്നില്ല

എന്നും ഇത്തരത്തിൽ അനുയോജ്യമല്ലാത്ത ഡിസൈനിംഗ് പാർശ്വഭിത്തിയുടെ തകർച്ചയ്ക്ക് കാരണമായെന്നും, സാങ്കേതിക അനുമതി നൽകപ്പെട്ട എസ്റ്റിമേറ്റ് പ്രകാരമുള്ള **RCC**, ഭിത്തിയുടെ പരിച്ഛേദം, **Overturning sliding** എന്നിവ പ്രകാരമുള്ള തകർച്ചയെ പ്രതിരോധിക്കും വിധം സുരക്ഷിതമായിരുന്നില്ല എന്നതിനാൽ നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതും സുരക്ഷിതവുമല്ലാത്ത ഡിസൈൻ ചെയ്യുക വഴി നിർമ്മാണത്തിന്റെ തകർച്ചയ്ക്ക് ഉത്തരവാദികളായ സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം എന്നതായിരുന്നു. ഒരു കോടി രൂപ അടങ്കൽ ഉള്ള സുരക്ഷിതമല്ലാത്ത ഒരു ഡിസൈൻ ഉൾപ്പെട്ട എസ്റ്റിമേറ്റ് സ്ക്രൂട്ടിണി ചെയ്യാതെ സാങ്കേതിക അനുമതി നൽകിയതും നിർമ്മാണത്തിലെ ക്രമക്കേടുകൾ തടയുന്നതിന് മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ച വരുത്തിയതും ഗുരുതരമായ കൃത്യവിലോപമാണ് എന്നും പരാമർശം (3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ജയശ്രീ.എസ് സമർപ്പിച്ച പുനഃപരിശോധന ഹർജിയിലെ എല്ലാ ആരോപണങ്ങളും ടിയാൾ അച്ചടക്ക നടപടിയുടെ വിവിധ ഘട്ടങ്ങളിൽ ഉന്നയിച്ചിരുന്നതും സർക്കാർ അക്കാര്യങ്ങളെല്ലാം തന്നെ വിശദമായി പരിശോധിച്ച് എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടുള്ളതുമാണ്. പുനഃപരിശോധനയ്ക്ക് ഉപോത്ബലകമായി പുതുതായുള്ള വസ്തുതകളുടെ അഭാവത്തിൽ പരാമർശ (1) ലെ ഉത്തരവ് പുനഃപരിശോധിക്കണമെന്നുള്ള ശ്രീമതി. ജയശ്രീ.എസ് -ന്റെ പരാമർശം (2) പ്രകാരമുള്ള ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ശ്രീമതി. ജയശ്രീ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.) (കാർഷിക വികസന

കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തരം)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം/ ഓഫീസ് കോപ്പി **(File No:EA3/101/2021-AGRI-Part(1))**

ഉത്തരവിൻ പ്രകാരം

Signed by

Aswathi S Poonkavanam

Date: 13-08-2025 20:39:36

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്